## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2619 17/10/2016 ൽ മറുപടിയ്ക്ക്

### പെന്റിംഗ് ഫയലുകളിൽ തീർപ്പു കൽപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു. ആർ. പ്രദീപ് | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പല ഓഫീസുകളിലും ചുരുക്കം ചില ഉദ്യോഗസ്ഥർ ജോലി സമയത്ത് സീറ്റിലിരിക്കാതെയും ഓഫീസിലെത്തുന്ന അപേക്ഷകരോട് സേവന തൽപരതയോടെ മറുപടി പറയാതെയും ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | എല്ലാ വിഭാഗം ജീവനക്കാരും മാനുവൽ ഓഫ് ഓഫീസ് പ്രൊസീജർ പ്രകാരം ജോലി ചെയ്യാൻ ബാദ്ധ്യസ്ഥരാണ്. അപ്രകാരം ജോലിചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ പരാതികൾ ലഭിക്കുന്ന പക്ഷം നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഇതു പരിഹരിക്കുന്നതിന് ഓരോ ജീവനക്കാരനും മാനുവൽ ഓഫ് ഓഫീസ് പ്രൊസീജർ പ്രകാരം ജോലി ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട സൂപ്പർവൈസറി ഉദ്യോഗസ്ഥന് കർശന നിർദ്ദേശം നൽകുമോ; | | |
| (സി) | ഓരോ ഉദ്യോഗസ്ഥന്റെയും പേഴ്സണൽ രജിസ്റ്റർ മാസാമാസം പരിശോധിച്ച് പെന്റിംഗ് ഫയലുകളുടെ എണ്ണം തിട്ടപ്പെടുത്താനും അത്തരം ഫയലുകളിൽ നിയമതടസ്സങ്ങൾ ഇല്ലാത്തവ സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളും പേഴ്സണൽ രജിസ്റ്ററുകളുടേയും അനാബന്ധ രജിസ്റ്ററുകളുടേയും പരിശോധന കർശനമായി നടത്തേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റ് വകുപ്പുകൾ/വകുപ്പ് മേധാവികൾ/ജില്ലാ കളക്ടർമാർ മൂന്നുമാസത്തിലൊരുദിവസം ഫയൽ അദാലത്തിനായി പ്രത്യേകമായി നീക്കി വയ്ക്കുകയും സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ